**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5835** **25-03-2025 - ൽ മറുപടിയ്ക്ക്**

**ബാറുകളിൽ നിന്ന് ലഭിക്കുവാനുള്ള നികുതി കുടിശിക തീർപ്പാക്കാൻ ആംനസ്റ്റി സ്കീം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2005 മുതൽ 2021 വരെ ബാറുകളിൽ നിന്ന് ലഭിക്കുവാനുള്ള നികുതി കുടിശിക എത്രയാണ്; പ്രസ്തുത കുടിശിക തീർപ്പാക്കുന്നതിലേക്കായി ആംനസ്റ്റി സ്കീം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വർഷങ്ങളിലാണ് ഈ സ്കീം കൊണ്ടുവന്നിട്ടുള്ളത്; വിശദമാക്കുമോ? | (എ) | 2005 മുതൽ 2021 വരെ ബാറുകളിൽ നിന്ന് ലഭിക്കുവാനുള്ള ടേണോവർ ടാക്സ് കുടിശ്ശികയിലെ നികുതിയുടെ വിഹിതം 140.90 കോടി രൂപയാണ്.<br><br>പ്രസ്തുത കുടിശ്ശിക തീർപ്പാക്കുന്നതിലേക്കായി ആംനസ്റ്റി സ്കീം നടപ്പാക്കിയിട്ടുണ്ട്. 2025 ലെ കേരള ബഡ്ജറ്റ് പ്രസംഗത്തിന്റെ ഖണ്ഡിക 851 പ്രകാരം 2005-06 മുതൽ 2020-21 വരെ ബാർഹോട്ടലുകളിൽ നിന്ന് ലഭിക്കുവാനുള്ള ടേണോവർ ടാക്സ് കുടിശ്ശിക തീർപ്പാക്കുന്നതിലേക്കായി പൂർണമായ നികുതി കുടിശ്ശികയും പലിശയുടെ അൻപത് ശതമാനവും ഒടുക്കിയാൽ ബാക്കി പലിശയും പിഴയും ഒഴിവാക്കുന്നതിനുള്ള 2025 ലെ ആംനസ്റ്റി സ്കീം പ്രഖ്യാപിച്ചിട്ടുണ്ട്. ഇത് മുൻകാലങ്ങളിൽ പ്രഖ്യാപിക്കപ്പെട്ട ആംനസ്റ്റി സ്കീമിന്റെ തുടർച്ചയാണ്. 2019 ലെ സ്കീം പ്രകാരം നികുതി കുടിശ്ശികയും പലിശയും പൂർണ്ണമായും അടച്ച് തീർക്കുന്ന പക്ഷം പിഴ പൂർണ്ണമായും ഒഴിവാക്കി നൽകുന്ന രീതിയാണ് പ്രഖ്യാപിച്ചിരുന്നത്. 2019-ൽ പ്രഖ്യാപിച്ച പ്രസ്തുത പദ്ധതി 2020 ലും 2021 ലും 2022 ലും തുടർന്നിരുന്നു. |

സെക്ഷൻ ഓഫീസർ